# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4831 24.07.2015 - ൽ മറുപടിക്ക്

## സ്റ്റാഫ് നഴ്സ് തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി. എസ്. ജയലാൽ** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിധിയിലുള്ള ജില്ല, താലൂക്ക്, സി.എച്ച്.സി, പി.എച്ച്.സി., എന്നീ ആശുപത്രികളിലായി സ്റ്റാഫ് നഴ്സ് ഗ്രേഡ്- III സ്റ്റാഫ് നഴ്സ്-II, ഹെഡ് നഴ്സ് എന്നിവരുടെ എത്ര അനുവദനീയ തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ; | എ) സ്റ്റാഫ് നഴ്സ് ഗ്രേഡ്-III എന്ന തസ്തിക ആരോഗ്യ വകുപ്പിൽ ഇല്ല. സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, ഗ്രേഡ്-I, ഹെഡ് നഴ്സ് എന്നീ തസ്തികകളാണുള്ളത് . ഗ്രേഡ്-II, ഗ്രേഡ്-I, എന്നിവയ്ക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന അനുപാതത്തിലാണ് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നത്. നിലവിൽ 2:2:1 എന്ന അനുപാതത്തിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-I-ന്റെ 3007-ഉം, സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ന്റെ 3007-ഉം ഹെഡ് നഴ്സിന്റെ 1503-ഉം തസ്തികകളും നിലവിലുണ്ട്. |
| ബി) മേൽസൂചിപ്പിച്ച തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് യഥാക്രമം 2:2:1 എന്ന് അനുപാതത്തിലുള്ള പ്രൊമോഷൻ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലായെങ്കിൽ വിശദാംശം അറിയിക്കുമോ; | ബി) 2:2:1 എന്ന അനുപാതത്തിൽ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുണ്ട്. |
| സി) ഡി.എച്ച്.എസിന്റെ ES3/76025/10 തീയതി 3.01.2013 ലെ പഴയ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം റാങ്ക് നമ്പർ 3460 മുതൽ 3895 വരെയും പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം 1 മുതൽ 2000 വരെയും ഉള്ള ലിസ്റ്റിൽ നിന്നും ഗ്രേഡ്-I നഴ്സുമാർ, മറ്റ് 13 ജില്ലകളിൽ നിന്നും ആയി കൊല്ലം ജില്ലയിലേക്ക് എത്ര പേർ സ്ഥലമാറ്റം മുഖാന്തിരം ജോലിനോക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | സി) 53 പേർ. |

| | |
|---|---|
| ഡി) അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് ഗ്രേഡ്-I നഴ്സുമാർക്ക് മാനദണ്ഡം എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ ? | ഡി) അന്തർ ജില്ലാ സ്ഥലമാറ്റ വ്യവസ്ഥയിലെ നിലവിലെ ഉത്തരവുകൾ പ്രകാരം ഗ്രേഡ് -II തസ്തികയിലേയ്ക്ക് മാത്രമേ അന്തർജില്ലാ സ്ഥലമാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ